ജി (1) 24407/12

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 24.02.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 8/2014

വിഷയം : സഹകരണവകുപ്പ് – സഹകരണ വകുപ്പിന്റെ ആസ്ഥാന ആഫീസിനും അനുബന്ധ ആഫീസുകൾക്കുമായി ആഫീസ് സമുച്ചയ നിർമ്മാണം – സഹകരണ സംഘങ്ങളിൽ നിന്നും സംഭാവന നൽകുന്നത് – സംബന്ധിച്ച്.

സൂചന: 1) സഹകരണ സംഘം രജിസ്ട്രാറുടെ 18.12.2013 ലെ 80/13 നമ്പർ സർക്കുലർ.
2) സർക്കാരിന്റെ 30.01.2014 ലെ സ.ഉ. (സാധാ) 99/2014/സഹ നമ്പർ ഉത്തരവ്

........................

സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ രൂപീകരണത്തിന് ശേഷം നാളിതുവരെയായി തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, മറ്റ് അനുബന്ധ ആഫീസുകൾ, വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകൾ എന്നിവയ്ക്ക് വേണ്ടി ഒരു സഹകരണ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയ്ക്കായി സംഭാവന നൽകുന്നതിന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ അനുവദിച്ചു കൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സൂചന (2) പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ മേഖലയുടെ അഭിവൃദ്ധിയ്ക്ക് സഹായകരമാകുന്ന ഈ പദ്ധതിയുടെ പ്രയോജനം ദീർഘകാലം നിലനിൽക്കുന്നതും ഇതിൽ ഭാഗഭാക്കാകുന്ന ഓരോ സഹകരണ സ്ഥാപനത്തിന്റേയും പങ്ക് എക്കാലവും സ്മരിക്കപ്പെടുന്നതുമാണ്. വൻ ചെലവ് കണക്കാക്കുന്ന ഈ പദ്ധതിക്ക് വേണ്ടി, സഹകരണ സ്ഥാപനങ്ങൾ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത്കൊണ്ട് അവയുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ സംഭാവനകൾ നൽകുകയാണെങ്കിൽ, സംഭാവന നൽകുന്ന ചില സഹകരണ സംഘങ്ങളുടെ സാമ്പത്തിക വർഷത്തെ ലാഭ നഷ്ട കണക്കിൽ മുഴുവൻ തുകയും ചാർജ് ചെയ്യുകയും അത് അവയുടെ വാർഷിക ലാഭത്തെ ചിലപ്പോൾ ബാധിച്ചേക്കാമെന്നും കാണുന്നു. ആയതിനാൽ, ടി പദ്ധതിയുടെ പ്രാധാന്യവും സഹകരണ മേഖലയ്ക്ക് ലഭ്യമാകുന്ന പ്രയോജനവും സംഭാവന നൽകുന്ന സംഘങ്ങളിലെ

അംഗങ്ങളുടെ ഉത്തമ താല്പര്യവും കണക്കിലെടുത്ത് ആസ്ഥാന മന്ദിര നിർമ്മാണത്തിന് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന സംഭാവനകൾ തുല്യ തവണകളായി 5 വർഷത്തെ ലാഭ നഷ്ട കണക്കിൽ ചാർജ് ചെയ്യുന്നതിന് ഇതിനാൽ അനുമതി നൽകുന്നു.

(ഒപ്പ്)
**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്

1) സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2) രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി. (ഉപരിപത്രം സഹിതം).
3) എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
5) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
6) എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
8) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
9) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
10) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
11) സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.